ബ്ലോക്കിലെയും വിവരങ്ങൾ സർവ്വറിലേക്ക് അപ് ലോഡ് ചെയ്തശേഷം ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് രൂപപ്പെടുത്തിയ സോഫ്റ്റ് വെയറിന്റെ അടിസ്ഥാനത്തിൽ ആളുകളുടെ മതം, ജാതി വിവരങ്ങൾ ഒഴികെയുള്ള വിവരങ്ങൾ ഉൾപ്പെടുന്ന കരട് ലിസ്റ്റ് ജനറേറ്റ് ചെയ്ത് ലഭ്യമാക്കിയാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

(സി) കരട് ലിസ്റ്റിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്നതിനും പരാതികൾ സ്വീകരിച്ച് പരിഹരിച്ചശേഷം അന്തിമ ലിസ്റ്റ് തയ്യാറാക്കാനുമാണ് ലക്ഷ്യമിടുന്നത്. ലിസ്റ്റ് പ്രസിദ്ധീകരിച്ച് 21 ദിവസത്തിനകം പരാതികൾ സമർപ്പിക്കുവാനാണ് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നത്. എന്നാൽ ലിസ്റ്റ് പരിശോധനയ്ക്ക് കൂടുതൽ സമയം ആവശ്യമായതിനാൽ പരാതി സ്വീകരിക്കുന്നതിനുള്ള തീയതികൾ ദീർഘിപ്പിച്ച് നൽകണമെന്ന് തദ്ദേശസ്ഥാപനങ്ങൾ ആവശ്യപ്പെട്ട പ്രകാരം പരാതികൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 2014 ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ച് നൽകുകയുണ്ടായി. ലിസ്റ്റ് പ്രസിദ്ധീകരണ തീയതി മുതൽ 10 ദിവസത്തിനകം ഗ്രാമസഭകൾ വിളിച്ചുകൂട്ടി ലിസ്റ്റ് പൊതുജന പരിഗണനയ്ക്കായി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. സർക്കാർ ഈ തീയതിയും 40 ദിവസംവരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഇതിനും ഔദ്യോഗിക വിജ്ഞാപനം ഉണ്ടാകേണ്ടിയിരിക്കുന്നു.

(ഡി) ഗ്രാമസഭകളിൽ കരട് ലിസ്റ്റ് പൊതുജന പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണ്. കൂടാതെ തദ്ദേശസ്ഥാപനങ്ങളിലും ലിസ്റ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) ലിസ്റ്റിൽ വീട്ടുപേര് ഇല്ലാത്തതിനാൽ കുടുംബത്തിന് ലിസ്റ്റ് പരിശോധന ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. കൂടാതെ സാമൂഹിക സാമ്പത്തിക വിവരങ്ങൾ കോഡ് രൂപത്തിൽ നൽകിയിട്ടുള്ളതും ബുദ്ധിമുട്ടുണ്ടാക്കുന്നു.

(എഫ്) ലിസ്റ്റ് പരിശോധിക്കുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ചാണ് കേരള സർക്കാർ കൂടുതൽ സമയം ഇതിനായി നൽകിയിരിക്കുന്നത്. ലിസ്റ്റിൽ ഇതുവരെ ചൂണ്ടിക്കാണിക്കപ്പെട്ട എല്ലാ അപാകതകളും പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്ഥാപന ജനപ്രതിനിധികളുടെ കൂടി സഹകരണത്തോടെ കുറ്റമറ്റ അന്തിമലിസ്റ്റ് തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരം നൽകാതിരുന്നതിനെതിരെയുള്ള പരാതി

27 (7584) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ 2009-ൽ 1050/(4)/എസ്.ഐ.സി./09 എന്ന നമ്പരിൽ ഒരു അപ്പീൽ പരാതി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ 3-2-2011-ൽ 9819/എസ്.ഐ.സി./ജിഇഎൻ1/09 എന്ന ഫയലിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം നല്കാതിരുന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിരുന്നോ ; എങ്കിൽ അതുപ്രകാരം ആർക്കെതിരെ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ കേസിൽ കമ്മീഷന്റെ ഇടപെടൽമൂലം പരാതിക്കാരൻ നിയമാനുസൃതം ആവശ്യപ്പെട്ട രേഖകളെല്ലാം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. 3-2-2011-ൽ 9819/എസ്.ഐ.സി.ജി.ഇ.എൻ.1/2009 എന്ന ഫയലിൽ വിവരാവകാശ നിയമപ്രകാരം വിവരം നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ 2005-ലെ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരം നടപടിയെടുക്കാൻ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി & സി) ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുമെന്ന് ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമർപ്പിച്ച വിശദീകരണം തൃപ്തികരമായതിനാൽ തുടർനടപടികൾ ഇക്കാര്യത്തിന്മേൽ സ്വീകരിച്ചിട്ടില്ല. ആവശ്യമായ രേഖകൾ പരാതിക്കാരന് നൽകിയതായി കമ്മീഷന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

സേവനാവകാശനിയമം നടപ്പിലാക്കിയതിലൂടെ പിഴയായി ലഭിച്ച തുക

28 (7585) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയതിലൂടെ ഇതുവരെ എത്ര രൂപ പിഴയായി ഖജനാവിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കേൾക്കുവാനുള്ള അവകാശനിയമം നടപ്പിലാക്കുന്നതിനുമുമ്പ് സേവനാവകാശ നിയമം നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇല്ല.

വൈക്കം സത്യാഗ്രഹ സ്മാരകത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക

29 (7586) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം സത്യാഗ്രഹ സ്മാരകത്തിനായി കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ എത്ര തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly